# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:375** **12.05.2017-ൽ മറുപടിയ്ക്ക്**

## ദേശീയ മത്സ്യ വ്യവസായ വികസനബോർഡ് ലഭ്യമാക്കുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.വി. ജോയി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ദേശീയ മത്സ്യ വ്യവസായ വികസനബോർഡ്, കുളങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷിക്കായി ഏതൊക്കെ തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്; ആഴക്കടൽ മത്സ്യബന്ധന വികസനത്തിനായി ലഭ്യമാക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) ദേശീയ മത്സ്യവികസന ബോർഡ് ഇപ്പോൾ നേരിട്ട് പദ്ധതികൾ നടപ്പിലാക്കു ന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ബ്ലൂ റവലൂഷൻ പദ്ധതി പ്രകാരം കുളങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കുന്നതിനും, ആഴക്കടൽ മത്സ്യബന്ധനം തുടങ്ങിയ പദ്ധതികൾക്കും ധനസഹായം നല്കു ന്നു. ബ്ലൂ റവലൂഷൻ പദ്ധതികൾ സ്ക്രൂട്ടിനി ചെയ്യു ന്നതും മോണിറ്റർ ചെയ്യുന്നതും എൻ.എഫ്.ഡി.ബി. മുഖേനയാണ്. 2016-17-ൽ ബ്ലൂ റവലൂഷൻ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലെ കുളങ്ങളുടെ പുനരുദ്ധാരണത്തിനും ഓരുജല ത്തിലെ കൂടുകൃഷിക്കും സമുദ്രജല കൂടുകൃഷിക്കും ധനസഹായം ലഭ്യമാക്കിയിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) മാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിനും മത്സ്യം ഉണക്കി സൂക്ഷിക്കാൻ വേണ്ട ആധുനിക രീതികൾ വ്യാപിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | ബി) മാർക്കറ്റുകളുടെ ആധുനിക വൽക്കര ണത്തിന് മത്സ്യഫെഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന നടപടികൾ സ്വീക രിച്ചു വരുന്നു.<br>കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് പ്രോസസിംഗ് പ്ലാന്റിൽ മൽസ്യ ഉൽപ്പന്നങ്ങൾ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കി ആകർഷകമായ പായ്ക്കറ്റുക ളിൽ 'ഡ്രിഷ് കേരള' എന്ന പേരിൽ തീരദേശ വികസന കോർപ്പറേഷൻ വഴി വിപണിയിൽ എത്തിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**

അനുബന്ധം

# ബ്ലൂ റവല്യൂഷൻ 2016-17

2016-17 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ പരിഗണിക്കുന്നതിനായി ദേശീയ മത്സ്യ വികസന ബോർഡ് മുഖാന്തിരം സമർപ്പിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ 1298.1 ലക്ഷം രൂപ കേന്ദ്രവിഹിതം ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതികൾ | ഭൗതിക ലക്ഷ്യം | യൂണിറ്റ് തുക (ലക്ഷത്തിൽ) | ആകെ പദ്ധതി | കേന്ദ്ര വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | ഗുണഭോക്തൃ വിഹിതം(ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|
| 1 | പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം | 15 ഹെക്ടർ | 7/ഹെക്ടർ | 105 | 52.50 | 52.5 | | പൂർത്തീകരിച്ചു വരുന്നു |
| 2 | കായലിലെ കൂടു മത്സ്യകൃഷി | 200 യൂണിറ്റ് | 3.5/യൂണിറ്റ് | 700 | 300 | 50.00 | 350.00 | മത്സ്യകൃഷി ആരംഭിച്ചു |
| 3 | കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം | 80 ഹെക്ടർ | 3.5/ഹെക്ടർ | 280 | 140 | 140.00 | | പൂർത്തീകരിച്ചു വരുന്നു |
| 4 | കടലിലെ കൂടുകൃഷി | 16 യൂണിറ്റ് | 82/ യൂണിറ്റ് | 1398 | 400 | 846 | 112 | ടെണ്ടർ നടപടി പുരോഗമിച്ചു വരുന്നു |
| 5 | റീട്ടെയിൽ ഫിഷ് മാർക്കറ്റ് | 2 എണ്ണം | | 500 | 250 | 250 | | കൊല്ലം ജില്ലയിൽ കരിക്കോട്, മയ്യനാട് എന്നിവിടങ്ങളിൽ റീട്ടെയിൽ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ൾ നടന്നു വരുന്നു |
| 6 | ഭവന നിർമ്മാണം | 167എണ്ണം | 2/യൂണിറ്റ് | 400 | 100.2 | 233.8 | | പൂർത്തീകരിച്ചു വരുന്നു |
| 7 | പരിശീലനം | 8എണ്ണം | | 17.6 | 17.6 | | | നടന്നു വരുന്നു |
| 8 | നിർവഹണ ചെലവുകൾ | | | 37.8 | 37.8 | | | നിർവഹിച്ചു വരുന്നു |
| | ആകെ | | 296 | 3438.4 | 1298.1 | 1440.5 | 462 | |

2017-18 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ പരിഗണിക്കുന്നതിനായി 5808.855 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി ദേശീയ മത്സ്യ വികസന ബോർഡ്/കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലക്ഷത്തിൽ

| [illegible] | പദ്ധതികൾ | ആകെ തുക | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഗുണഭോക്തൃ വിഹിതം | റിമാർക്സ് |
|---|---|---|---|---|---|---|
| | ചെമ്മീൻ കൃഷി | 1948.8 | 988.8 | | 960 | രോഗസാധ്യത ഒഴിവാക്കുന്നതിന് ജലവിനിമയം ഇല്ലാത്ത കൃഷി രീതി 640 ഹെക്ടർ സ്ഥലത്ത് പ്രോത്സാഹിപ്പിക്കുന്നതിന് |
| | റീസർക്കുലേറ്റർ അക്വാ കൾച്ചർ സിസ്റ്റം | 1718.4 | 865.2 | 453.2 | 400 | കുടുംബത്തിന് ആവശ്യമായ മത്സ്യം സ്വയം ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നല്കുന്നതിന് 210 യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു |
| | റിസർവ്വോയറുകളിലെ കൂടുകൃഷി | 131.6 | 61.8 | 61.8 | 8 | സംസ്ഥാനത്തെ 4 റിസർവ്വോയറുകളിൽ ലക്ഷ്യമിടുന്നു |
| | കല്ലുമ്മക്കായ് | 354.5 | 154.5 | | 150 | 2000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| കൃഷി | | | | | |
| കുളങ്ങളുടെ നവീകരണം | 603.925 | 306.425 | | 297.5 | 170 ഹെക്ടർ ജലാശയം പുനരുദ്ധരിക്കുന്നതിന് |
| മത്സ്യകർഷക പരിശീലനം | 82.4 | 82.4 | | | |
| ഭവന നിർമ്മാണം | 264 | 79.2 | 184.80 | | 132 ഭവനങ്ങൾ നിർമ്മിക്കുന്നതിന് |
| സേവിംഗ് കം റിലീഫ് പദ്ധതി | 85.23 | 28.41 | 28.41 | 28.41 | 1,89,389 മത്സ്യതൊഴിലാളികൾക്ക് ആശ്വാസം നല്കുന്നതിന് |
| റീടെയിൽ ഫിഷ് മാർക്കറ്റ് | 620 | 310 | 310 | | |
| ആകെ | 5808.855 | 2876.735 | 1038.21 | 1447.91 | |

സെക്ഷൻ ഓഫീസർ